بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 10.01.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തിരുനബി ചരിത്രം: ബനു ഫസാറഃ, അബ്ദുല്ലാഹ് ബിൻ അതീഖ് യുദ്ധനീക്കങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ الرَّحۡمٰنِ الرَّحِيۡمِ ۝ مٰلِکِ يَوۡمِ الدِّيۡنِ ۝ اِيَّاکَ نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

കഴിഞ്ഞ ഖുത്ബയ്ക്ക് മുമ്പ് നബി(സ)യുടെ കാലഘട്ടത്തിലെ യുദ്ധനീക്കങ്ങളെ സംബന്ധിച്ചാണ് പരാമർശിച്ചിരുന്നത്. ഇതിൽ പറഞ്ഞിരുന്ന ബനു ഫസാറക്കെതിരെയുള്ള യുദ്ധനീക്കത്തിൽ ഉമ്മു ഖർഫയുടെ വധത്തെക്കുറിച്ചുള്ള ഒരു സംഭവം ചരിത്രത്തിൽ വരുന്നുണ്ട്. ചില ചരിത്രകാരന്മാർ (കൗതുകരമായ രീതിയിൽ) അതിനെ തികച്ചും യാഥാർഥ്യത്തിന് വിരുദ്ധമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ സംഭവത്തെ വിവരിച്ചുകൊണ്ട് ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വളരെ യുക്തിസഹമായ രീതിയിൽ കാര്യങ്ങൾ വിവരിച്ച് എഴുതുന്നു, ഇബ്നു സഅദ് പറയുന്നത്, ഈ സരിയുടെ നായകൻ അബൂബക്കറിന് പകരം സൈദ് ബിൻ ഹാരിസയാണ്. അതായത് ഈ സരിയയിൽ അബൂബക്കറിന് പകരം സൈദ് ബിൻ ഹാരിസയെയാണ് അമീറായി വിവരിച്ചിട്ടുള്ളത്. മാത്രമല്ല വിശദീകരണങ്ങളിലും ഒരുപാട് അന്തരം ഉണ്ട്. ഈ ദൗത്യം വാദിയുൽ ഖുറയുടെ അടുത്ത് വസിച്ചിരുന്ന ബനു ഫസാറയെ ശിക്ഷിക്കാൻ വേണ്ടിയുള്ളതായിരുന്നു. ഇവർ ഒരു മുസ്ലിം കച്ചവടം സംഘത്തെ ആക്രമിക്കുകയും അവരുടെ എല്ലാ സമ്പാദ്യങ്ങളും കൊള്ളയടിക്കുകയും ചെയ്തിരുന്നു. കലാപകാരികളായ ഈ സംഘത്തിന്റെ നെടുംതൂൺ ഉമ്മെ ഖുർഫ എന്ന ഒരു വൃദ്ധയായ സ്ത്രീയായിരുന്നു. അവർ ഇസ്ലാമിന്റെ കഠിന ശത്രുവുമായിരുന്നു. ഇവർ ഈ യുദ്ധത്തിൽ പിടിക്കപ്പെട്ടപ്പോൾ സൈദിന്റെ സംഘത്തിലെ ഖൈസ് എന്ന ഒരാൾ ആ സ്ത്രീയെ വധിച്ചു. വധത്തെ സംബന്ധിച്ചുള്ള വിവരണത്തിൽ ഇബ്നു സഅദ് പറയുന്നു: ഈ സ്ത്രീയുടെ രണ്ടു കാലുകളും രണ്ട് ഒട്ടകങ്ങളുടെ കാലുകളിൽ കെട്ടി എതിർദിശയിലേക്ക് ഒട്ടകങ്ങളെ ഓടിച്ചു. അതിന്റെ ഫലമായി ആ സ്ത്രീ നടുകെ പിളർന്ന് രണ്ട് കഷ്ണങ്ങളാക്കപ്പെട്ടു. അതിനുശേഷം ആ സ്ത്രീയുടെ മകൾ സൽമാൻ അക്കൂഇനെ ഏൽപ്പിക്കുകയുണ്ടായി. ഇതേ സംഭവം വളരെ ചുരുക്കി നല്ല രീതിയിൽ അല്പം വ്യത്യസ്തമായി ഇബ്നു ഇസ്ഹാഖും വിവരിച്ചിട്ടുണ്ട്. (ഈ സംഭവം ഓറിയന്റ്ലിസ്റ്റ് മുസ്ലിങ്ങളുടെ മൃഗീയമായ നിലപാടിന് ഒരു തെളിവാക്കുന്നു.)

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു, ഈ സംഭവം തികച്ചും തെറ്റും അടിസ്ഥാനരഹിതവും ബുദ്ധിപരമായും പ്രാമാണ്യയോഗ്യമായും കെട്ടിച്ചമച്ചതാണെന്നും വ്യക്തമാണ്. ബൗദ്ധികമായി നോക്കുകയാണെങ്കിൽ, ഒരു സ്ത്രീയെ കൊലക്കുറ്റം ചുമത്തി ബന്ദിയാക്കിയതിനുശേഷം സാവകാശത്തിൽ കൊല്ലുന്നതും അതേസമയം നിവേദനത്തിൽ പറയുന്നതുപോലെ വധിച്ചു എന്നു പറയുന്നതും തമ്മിൽ വളരെ അന്തരം ഉണ്ട്. ഇസ്ലാമാകട്ടെ, യുദ്ധത്തിൽപോലും സ്ത്രീകളെ വധിക്കുന്നത് ശക്തമായി എതിർക്കുന്നു. സ്ത്രീകളെ ഒരിക്കലും വധിക്കാൻ പാടില്ല എന്ന് തിരുനബി(സ) പലതവണ വ്യക്തമാക്കിയിട്ടുള്ളതാണ്. ഹദീസുകളിൽ വരുന്നു, ഒരു സന്ദർഭത്തിൽ യുദ്ധമൈതാനത്ത് ഒരു ശത്രുഗോത്രത്തിലെ സ്ത്രീ കൊല്ലപ്പെട്ടതായി തിരുനബി(സ) കാണാനിടയായി. ആ സ്ത്രീ ഏത് അവസ്ഥയിലും ആരുടെ കൈയാലും ആണ് കൊല്ലപ്പെട്ടതെന്ന് മനസ്സിലായിട്ടുണ്ടായിരുന്നില്ല. പക്ഷെ തിരുനബി(സ) അത് കണ്ടപ്പോൾ വളരെയേറെ ദേഷ്യപ്പെടുകയും സഹാബാക്കളോട് മേലിൽ ഇങ്ങനെ ഒരു സ്ത്രീയെയും വധിക്കരുത് എന്നു താക്കീത് ചെയ്യുകയുമുണ്ടായി.

അതുപോലെ തന്നെ നബി തിരുമേനി(സ) സൈനിക സംഘത്തെ അയക്കുമ്പോൾ മറ്റ് എല്ലാ ഉപദേശങ്ങൾക്കും പുറമേ സ്വഹാബാക്കളെ ഉപദേശിച്ചുകൊണ്ട് സ്ത്രീകളെയും കുട്ടികളെയും വധിക്കരുതെന്നും നിഷ്കർഷിക്കുമായിരുന്നു.

ഈ അടിസ്ഥാനപരമായ നിർദേശങ്ങൾ ഉണ്ടായിരിക്കെ സ്വഹാബാക്കളെ സംബന്ധിച്ച് അതും സ്വഹാബാക്കളിൽ തിരുനബി(സ)യുടെ വീട്ടിലെ ആളായിരുന്ന ഹദ്റത്ത് സൈദ് ബിനു ഹാരിസയെ സംബന്ധിച്ച്, അദ്ദേഹം ഏതെങ്കിലും സ്ത്രീയെ ഈ രീതിയിൽ വധിച്ചു അല്ലെങ്കിൽ കൊല്ലിച്ചു എന്ന് ഇബ്നു സഅദ് വിവരിച്ചിട്ടുള്ളത് ഒരിക്കലും തന്നെ സ്വീകാര്യയോഗ്യമല്ല. വധിച്ചത് സൈദാണെന്ന് നിവേദനത്തിൽ പറയുന്നില്ല; പക്ഷേ മറ്റ് മുസ്‌ലിംകളാണ് ചെയ്തത് എന്ന് പറയുമ്പോഴും ഈ സംഭവം സൈദിന്റെ നേതൃത്വത്തിൽ ആയിരുന്നതുകൊണ്ട് അതിന്റെ ആത്യന്തിക ഉത്തരവാദി സൈദ് തന്നെയാണെന്ന് ഗണിക്കപ്പെടുന്നതാണ്. തിരുനബി(സ)യുടെ അധ്യാപനം അറിഞ്ഞുകൊണ്ട് ഇത്തരത്തിലുള്ള ഒരു കർമ്മം ചെയ്യാൻ സൈദ് അനുമതി കൊടുത്തു എന്ന് ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല.

ഇനി പ്രമാണപരമായ തെളിവിന്റെ കാര്യമാണ്, ഒന്നാമത്തെ കാര്യം ഇബ്നു സഅദോ ഇബ്നു ഇസ്ഹാഖോ ഈ നിവേദനത്തിന് യാതൊരു പ്രമാണവും നൽകിയിട്ടില്ല. ഒരു തരത്തിലുള്ള വിശ്വാസയോഗ്യമായ തെളിവുമില്ലാതെ ഇത്തരം നിവേദനങ്ങൾ അതായത് തിരുനബി(സ)യുടെ കൃത്യമായ നിർദേശങ്ങൾക്കും സ്വഹാബാക്കളുടെ പൊതുവിൽ ഉള്ളതും വ്യക്തമായ നടപടികൾക്കും എതിരിൽ സമർപ്പിക്കപ്പെടുന്നത് സ്വീകാര്യയോഗ്യമല്ല. രണ്ടാമത്തെ കാര്യം ഇതേ സംഭവം ഹദീസുകളിലെ വളരെ വിശ്വാസയോഗ്യമായ മുസ്‌ലിം, അബുദാവൂദ് തുടങ്ങിയവയിൽ വിവരിച്ചിട്ടുണ്ട്. പക്ഷേ അതിൽ ഉമ്മെ ഖുർഫയുടെ വധത്തെക്കുറിച്ച് ഒരു തരത്തിലുള്ള പരാമർശവും ഇല്ല. മറ്റ് വിശദീകരണങ്ങളിലും ഇബ്നു സഅദിന്റെ വിവരണവുമായി ഭിന്നതയുണ്ട്.

സ്വഹീഹായ ഹദീസുകൾ പൊതുവായ ചരിത്രനിവേദനങ്ങളെ അപേക്ഷിച്ച് തീർച്ചയായും ഖണ്ഡിതവും വളരെയേറെ ശക്തവും മുൻഗണനക്ക് അർഹതയുള്ളതും ആകുന്നു. അതുകൊണ്ട് സ്വഹീഹ് മുസ്‌ലിമിലും സുനൻ അബുദാവൂദിലും ഉള്ള നിവേദനങ്ങൾക്ക് മുന്നിൽ ഇബ്നു സഅദിന്റെയും മറ്റുള്ളവരുടേയും നിവേദനങ്ങൾക്ക് ഒരു വിലയുമില്ല. ഇനി ഇബ്നു സഅദും ഇബ്നു ഇസ്ഹാഖും തങ്ങളുടെ നിവേദനങ്ങളെ യാതൊരു തെളിവുമില്ലാതെ വിവരിക്കുന്നിടത്ത് ഇമാം മുസ്‌ലിമും അബൂദാവൂദും തങ്ങളുടെ നിവേദനങ്ങളെ പൂർണ്ണമായ തെളിവുകൾ സഹിതമാണ് വിവരിക്കുന്നത് എന്ന കാര്യം പരിഗണിക്കുമ്പോൾ ഈ വ്യതിരിക്തത കുറേക്കൂടി വ്യക്തമാകുന്നതാണ്. മാത്രമല്ല കരുതലോടുകൂടി പ്രവർത്തിച്ചിട്ടുള്ള മുഹദ്ദസീങ്ങൾക്കു മുന്നിൽ, ചരിത്രകാരന്മാരുടെ പൊതു നിവേദനങ്ങൾക്ക് ഒരു പ്രസക്തിയും ഇല്ല. അതുകൊണ്ട് ഉമ്മുഖുർഫയെ വളരെ കാപാലികമായി കൊന്നു എന്ന വിവരണം തികച്ചും കളവും വാസ്തവവിരുദ്ധവും ഇസ്‌ലാം ശത്രുതയിൽ നിന്നുള്ളതും ആകുന്നു. അത് കപടവിശ്വാസികളുടെ ഔദാര്യത്താൽ ചില ചരിത്രനിവേദനങ്ങളിൽ വന്നു പോയതാണ്. ചുരുക്കത്തിൽ മുസ്‌ലിമും അബൂദാവൂദും വിവരിച്ചതിനപ്പുറം ഈ സരിയക്ക് മറ്റൊരു യാഥാർത്ഥ്യവുമില്ല.

ചരിത്രത്തിൽ പരാമർശം കാണപ്പെടുന്ന അടുത്ത സരിയ, അബൂറാഫിഇന് നേർക്കുണ്ടായ സരിയ അബ്ദുല്ലാഹ് ബിൻ അതീഖ് ആകുന്നു. ഇത് ഹിജ്റ ആറാം വർഷം റമദാൻ മാസത്തിലാണ് ഉണ്ടായത്. ഹദ്റത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) ഇതിന്റെ വിശകലനത്തിൽ എഴുതുന്നു, യഹൂദി മൂപ്പന്മാരുടെ കലാപനീക്കവും പ്രകോപനവും നിമിത്തം ഹിജ്റ അഞ്ചാം വർഷത്തിന്റെ അവസാനത്തിൽ മുസ്‌ലീങ്ങൾക്കെതിരെ ഉണ്ടായ അഹ്സാബ് യുദ്ധത്തിന്റെ ഭയാനകമായ ഫിത്ന ഉടലെടുത്തു. അവരിൽ ഉണ്ടായിരുന്ന ഹുയയ്യ് ബിൻ അഖ്ത്തബ് ബനൂഖുറൈസയോടൊപ്പം തന്റെ ദുരന്ത പര്യവസാനത്തിലേക്ക് എത്തിച്ചേർന്നു. എന്നാൽ അബൂറാഫിഅ് എന്ന വിളിപ്പേരുണ്ടായിരുന്ന സലാം ബിൻ അബീ ഹഖീഖ് അപ്പോഴും ഖൈബറിന്റെ പ്രദേശങ്ങളിൽ സ്വതന്ത്രനായി നടക്കുകയും തന്റെ കലാപനീക്കങ്ങളിൽ വ്യാപൃതനുമായിരുന്നു. മാത്രമല്ല അഹ്സാബിന്റെ നിന്ദാവഹമായ പരാജയവും ഭയാനകമായ പരിവസാനവും അയാളുടെ ശത്രുത കൂടുതൽ വർധിപ്പിച്ചു. ഗത്ഫാൻ ഗോത്രങ്ങളുടെ വാസസ്ഥലം ഖൈബറിന് സമീപമായിരുന്നു.

ഖൈബറിലെ യഹൂദികളും നജ്ദിലെ ഗോത്രങ്ങളും പരസ്പരം അയൽവാസികളുമായിരുന്നു. അതു കൊണ്ട് ഒരു വലിയ കച്ചവടക്കാരനും വലിയ ധനാഢ്യനുമായിരുന്ന അബൂറാഫി നജ്ദിലെ മൃഗീയരും യുദ്ധസന്നദ്ധരുമായ ഗോത്രങ്ങളെ മുസ്‌ലീങ്ങൾക്കെതിരിൽ ഇളക്കി വിടുന്നത് പതിവാക്കി. അയാൾ തിരുനബി(സ)നോടുള്ള വിരോധത്തിൽ കഅബ് ബിൻ അശ്റഫിന്റെ പൂർണ്ണ സമാനനായിരുന്നു. അവസാനം അയാൾ ഒരു തന്ത്രം മെനഞ്ഞു, അഹ്സാബ് യുദ്ധത്തെപോലെ നജ്ദിലെ ഗോത്രങ്ങളിലും മറ്റ് ഗോത്രങ്ങളിലും സഞ്ചരിച്ചുകൊണ്ട് മുസ്‌ലീങ്ങളെ നശിപ്പിക്കുന്നതിന്‌വേണ്ടി ഒരു വലിയ സൈന്യത്തെ ഒരുമിച്ച് കൂട്ടാൻ തുടങ്ങി. അങ്ങനെ മുസ്‌ലീങ്ങളുടെ കൺമുന്നിൽ അഹ്സാബിന്റെ അതേ ദൃശ്യങ്ങൾ വന്നു തുടങ്ങി. ഇതേ സംബന്ധിച്ച് ചിന്തിച്ചപ്പോൾ രാജ്യത്ത് വലിയ രക്തച്ചൊരിച്ചലില്ലാതെ ഒരു കുഴപ്പക്കാരനായ കലാപകാരിയെ കൊല്ലുകയാണെങ്കിൽ അത് ആണ് കൂടുതൽ ഉചിതമെന്ന് തോന്നിയപ്പോൾ തിരുനബി(സ) അബ്ദുല്ല ബിൻ അത്തീഖ് അൻസാരിയുടെ നേതൃത്വത്തിൽ ഖസ്റജുകാരായ സ്വഹാബാക്കളെ അബുറാഫിയുടെ അടുക്കലേക്ക് പറഞ്ഞയച്ചു. എന്നാൽ, അവർ പോകുമ്പോൾ അവരോട് കർശനമായി പറഞ്ഞു: നോക്കുക, ഒരു സ്ത്രീയെയും കുട്ടിയെയും ഒരിക്കലും വധിക്കരുത്. ഹിജ്റ ആറാം വർഷം റമദാൻ മാസത്തിൽ ഈ സംഘം പുറപ്പെട്ടു. വളരെ സമർത്ഥമായി തങ്ങളുടെ ദൗത്യം നിർവഹിച്ചു മടങ്ങുകയും അങ്ങനെ ഈ മുസീബത്തിന്റെ മേഘം മദീനയുടെ അന്തരീക്ഷത്തിൽ നിന്നും ഇല്ലാതാവുകയും ചെയ്തു.

അബ്ദുല്ല ബിൻ അത്തീഖ്, അബുറാഫിഇനെ വധിച്ചശേഷം കോണിപ്പടിയിൽനിന്ന് വേഗത്തിൽ ഇറങ്ങുമ്പോൾ (പടി തെറ്റി ഇരുട്ടിൽ വീണു. അതുമൂലം) കണങ്കാൽ പൊട്ടി. (മറ്റൊരു നിവേദന പ്രകാരം കണങ്കാലിന്റെ സന്ധിപൊട്ടിപ്പോയി.) അദ്ദേഹം പറയുന്നു: പിന്നെ ഞങ്ങൾ മദീനയിൽ എത്തി തിരുനബി(സ)ക്ക് അബൂറാഫിഇന്റെ വധത്തെക്കുറിച്ച് അറിയിപ്പ് നൽകി. നബി(സ) എല്ലാ സംഭവവും കേട്ടതിനുശേഷം എന്നോട് കാൽ നീട്ടിവെക്കാൻ പറഞ്ഞു. ഞാൻ കാൽ നീട്ടി വെച്ചു, നബി(സ) ദുആ ചെയ്തുകൊണ്ട് തന്റെ പരിശുദ്ധ കരങ്ങൾ അതിനുമേൽ തലോടി. അതിനുശേഷം പ്രയാസങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല എന്ന വിധം സുഖപ്പെട്ടതായി അനുഭവപ്പെട്ടു.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) അബൂറാഫിയയെ വധിച്ചത് ശരിയായിരുന്നുവോ എന്ന ചർച്ചക്ക് ഒരു പ്രസക്തിയുമില്ല. അബൂറാഫിയുടെ രക്തപങ്കിലമായ നടപടികൾ ചരിത്രത്തിലെ ഒരു തുറന്ന അധ്യായമാണ്. ഈ സാഹചര്യത്തിൽ സ്വഹാബാക്കൾ ചെയ്തത് എല്ലാം തികച്ചും ശരിയും അനിവാര്യവും ആയിരുന്നു. യുദ്ധഘട്ടങ്ങളിൽ സമൂഹങ്ങൾ മരണത്തിന്റെയും ജീവിതത്തിന്റെയും ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ ഇത്തരത്തിലുള്ള ഉപായങ്ങൾ തികച്ചും അനുവദനീയമായി ഗണിക്കപ്പെടുന്നു. ഓരോ ജനതയും സമൂഹവും ആവശ്യാനുസരണം എല്ലാ കാലഘട്ടത്തിലും അത് സ്വീകരിച്ചിട്ടുമുണ്ട്. പക്ഷേ ഖേദകരം എന്ന് പറയട്ടെ, ധാർമ്മികമായ അധപതനത്തിന്റെ ഇക്കാലഘട്ടത്തിലും കുറ്റവാളിയോടുള്ള സഹതാപ വികാരം വളരെ മോശമായ തലത്തിലേക്ക് എത്തുകയും അങ്ങനെ അക്രമി, ഹീറോ ആയി ഗണിക്കപ്പെടുകയും ചെയ്യുന്നു. ഇന്നും നമ്മൾ ആക്രമികൾ, ഹീറോ ആകുന്നത് കാണുന്നു. അയാൾ തന്റെ കുറ്റകൃത്യങ്ങൾ നിമിത്തം ശിക്ഷ ഏൽക്കുമ്പോൾ പൊതുസമൂഹത്തിന്റെ സഹാനുഭൂതി അവരെ ആകർഷിക്കുന്നു. അക്രമിക്ക് ശിക്ഷ കൊടുക്കുകയും അല്ലെങ്കിൽ ശിക്ഷയ്ക്കുവേണ്ടി പറയുകയും ചെയ്യുമ്പോൾ പൊതുസമൂഹത്തിന്റെ സഹാനുഭൂതി അയാളോടൊപ്പം ഉണ്ടാകുന്നു. അതല്ലെങ്കിൽ സ്വാർത്ഥ താൽപര്യരായ ആളുകളുടെ സഹാനുഭൂതി അയാളോടൊപ്പം ഉണ്ടാകുന്നു. അയാളുടെ കുറ്റകൃത്യം ആളുകൾ മറക്കുന്നു. പക്ഷേ ഇസ്‌ലാമിനെ സംബന്ധിച്ച് നമുക്ക് ഉറപ്പിച്ചു പറയാൻ കഴിയും; അതൊരിക്കലും തന്നെ വ്യാജമായ വികാരങ്ങളുടെ മതമല്ല. അത് കുറ്റവാളിയെ കുറ്റവാളിയാണെന്ന് പ്രഖ്യാപിക്കുന്നു. അതിനുള്ള ശിക്ഷ നൽകപ്പെടുന്നത് രാജ്യത്തിലും സൊസൈറ്റിയിലും കാരുണ്യമാണെന്ന് ഗണിക്കുകയും ചെയ്യുന്നു. അത്തരം അളിഞ്ഞുപോയ ശരീര ഭാഗത്തെ ശരീരത്തിൽ നിന്ന് അറുത്തു മാറ്റാനുള്ള അധ്യാപനമാണ് അത് നൽകുന്നത്. അല്ലാതെ അത്തരം ചീഞ്ഞുപോയ ഭാഗത്തെ വെച്ചുകൊണ്ട് ശരീരത്തിന്റെ ആരോഗ്യത്തെ നഷ്ടപ്പെടുത്താൻ അനുവദിക്കുന്നില്ല. ഇനിയുള്ളത് ശിക്ഷ കൊടുക്കുന്ന രീതിയെ സംബന്ധിച്ചുള്ള ചോദ്യമാണ്.

അറേബ്യയിൽ ആ സമയത്തുള്ള അവസ്ഥക്കു കീഴിലും യുദ്ധസാഹചര്യങ്ങളിലും മുസ്‌ലിംകൾക്കും യഹൂദികൾക്കും ഇടയിൽ നിലനിന്നിരുന്ന രീതി പൊതുസമാധാനത്തിന്റെ അടിസ്ഥാനത്തിൽ സമുചിതവും അഭികാമ്യവും ആയിരുന്നു.

ഏതായിരുന്നാലും ഇതിന്റെ സംഭവങ്ങൾ ഇനിയുമുണ്ട്. ഇൻശാ അല്ലാഹ് അത് പിന്നീട് (വിവരിക്കുന്നതാണ്.)

* * * * * * *

* * *

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 10.01.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi **T. Jamshad Mukkam**, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516